# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണാവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.5/951/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണാവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.5/951/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 25-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 25-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റോയ്.റ്റി.എം, അസി ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ (16.10.2021 വരെ)
ശ്രീ. സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപ് കുടയ്ക്കൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ സി ശിവദാസൻ | സെക്രട്ടറി | 01-04-2019 | 07-06-2019 |
| ശ്രീ.വിൻസ്റ്റൺ ഡിസൂസ | സെക്രട്ടറി | 08-06-2019 | 14-07-2019 |
| ശ്രീമതി.പിഎം ഉഷ | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീമതി.സിന്ധു എം | കൃഷി ഓഫീസർ | 01-04-2019 | 18-09-2019 |
| ശ്രീമതി.ഫാത്തിമ റഹിയാനത്ത് | കൃഷി ഓഫീസർ | 19-09-2019 | 31-03-2020 |
| ഡോ.അരുൺ മിത്ര | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ സി ബി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 18-11-2019 |
| ഡോ ശശികല വി എസ് | മെമെഡിക്കൽ ഓഫീസർ, ആയുർവേദം | 19-11-2019 | 31-03-2020 |
| ശ്രീമതി.മേരി മാർഗ്രറ്റ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.മനുജയൻ ഒ എം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.മൈഥിലി ദേവി | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി..നിഷ എം ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-09-2019 |
| ശ്രീമതി.റെനി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2019 | 03-10-2019 |
| ശ്രീമതി.മാലിനി എസ് സാം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2019 | 31-03-2020 |
| ശ്രീ.ഉണ്ണിക്കുട്ടൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഓടമ്പള്ളി) | 01-04-2019 | 15-11-2019 |
| ശ്രീമതി.വിദ്യ | വില്ലേജ് എക്സ്റ്റെൻഷൻ | 16-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ആർ.പൈ | ഓഫീസർ(ഓടമ്പള്ളി) | | |
| ശ്രീമതി.ബിൻസി അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റെൻഷൻഓഫീസർ(തൃച്ചാറ്റുകുളം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷിന്റ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 02-08-2019 |
| ശ്രീമതി.പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-08-2019 | 31-03-2020 |
| ശ്രീമതി. പൊന്നമ്മ കെജെ | ഫിഷറീസ് സബ് ഇന്സ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.വിൻസ്റ്റന്റ് ഡിസൂസ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഇന്ദുലേഖ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 07-01-2020 |
| ശ്രീമതി.ജയശ്രീ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-01-2020 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-1 |
| 2 | വാർഷിക കണക്ക്<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 27-10-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 15-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Siji (Auditor, On 26-10-2021)<br>Last Updated By: Siji (Auditor, On 27-10-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 26-10-2021) | 1-10 |
| 12 | രസീത് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-11 |
| 13 | തൊഴിൽ നികുതി -- അപാകതകൾ.<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-12 |
| 14 | കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 19-02-2022) | 1-13 |
| 15 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-14 |
| 16 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -- രേഖകൾ ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-15 |
| 17 | പി.എച്ച്.സി കെട്ടിട നിർമ്മാണത്തിന് അധിക വിഹിതം -- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | |
| 18 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം -- പദ്ധതി ലക്ഷ്യം കൈവരിച്ചിലൽ.<br>Written By: T.M Roy (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-17 |
| 19 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകൾ<br>Written By: Siji (Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 1-18 |
| 20 | വാഹനപരിപാലനത്തിന്റെ രജിസ്റ്റകറുകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ<br>Written By: Sreekanth C.S (Asst. Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-19 |
| 21 | ആർദ്രം പദ്ധതി (പ്രോജക്ട് നം. 127) - രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Siji (Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-20 |
| 22 | കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-21 |
| 23 | വീട് വാസയോഗ്യമാക്കൽ പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും നിർമ്മാണം നടത്തിയില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-22 |
| 24 | മരാമത്ത് പ്രവൃത്തികൾ -- നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്<br>Written By: T.M Roy (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 15-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 15-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Elsamma (Audit Officer, On 15-10-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 15-10-2021)<br>Last Updated By: Rajeev R (Deputy Director, On 03-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.02.19 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 255753959 | 246974580 |
| വാർഷിക കണക്ക് പ്രകാരം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 98601812 | 96209226 |

29.02.20 തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 282097661 | 278772228 |

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 25.5.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക – അപാകതകൾ

പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ജില്ലാസഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന ഹെഡിൽ 10.5.2019ലെ 1,80,000 രൂപയും Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 5.4.2019ലെ 87,200 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

2) ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 9.4.2019ലെ 2,89,928 രൂപയും Cheque Issued But Not Presented എന്ന ഹെഡിൽ ചേർത്തിട്ടുള്ള 12.3.2019ലെ 1,04,250 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകൾക്കായുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 26.3.2019ൽ നൽകിയ 67897 രൂപയുടെ ചെക്ക് 20.4.2020ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇപ്പോഴും Directly Debited By Bank എന്ന ഹെഡിൽ രേഖപ്പെടുത്തിപോരുന്നു.

4) അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15000 രൂപ ലഭിക്കാനുണ്ട്. എന്നാൽ വാർഷിക കണക്കിൽ ഈയിനത്തിൽ തുകയൊന്നും ലഭിക്കാനില്ല.

5) തൻവർഷം വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

6) വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ വരവ് 22000 രൂപയാണെങ്കിലും വാർഷിക കണക്കിൽ 12000 രൂപയാണ് ചേർത്തിരിക്കുന്നത്.

7) വാർഷിക കണക്ക് പ്രകാരം കമ്മ്യൂണിറ്റി ഹാളിൽ നിന്നുള്ള തൻവർഷ വരവ് 124000 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 120000 രൂപയാണ്.

8) നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീടെൻഷൻ മുതലായ ഇനങ്ങളിലെ വരവ്, തിരികെ നൽകിയത്, തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയ തുക എന്നിവയുമായി ബന്ധപ്പെട്ട് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

9) തൊഴിൽ നികുതി, പെർമിറ്റ്, വാടക, ലേലം മുതലായവയുടെ രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

10) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ,

നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27838291 |
| വരവ് | 98601812 |
| ആകെ | 126440103 |
| ചെലവ് | 96209226 |
| നീക്കിയിരിപ്പ് | 30230877 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 20404266 | 20404266 | 16416099 | 3988167 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 11230824 | 11230824 | 7076073 | 4154751 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 539588 | 539588 | 158822 | 380766 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 3699000 | 3699000 | 2203030 | 1495970 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 6049000 | 6049000 | 4846272 | 1202728 |
| സി.എഫ്.സി | | 14369542 | 14369542 | 2384796 | 11984746 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 267 | 228014650 | 107 | 81613266 | 160 | 0 | 40 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11430 | 1219313 | 1230743 | 1214915 | 15828 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 24599687 | 24599687 | 24599687 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 11430 | 25819000 | 25830430 | 25814602 | 15828 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 345120 | 191 |
| കർഷകതൊഴിലാളി പെൻഷൻ | 1623600 | 10 |
| വിധവാപെൻഷൻ | 5652600 | 51 |
| വാർദ്ധക്യകാലപെൻഷൻ | 12539100 | 224 |
| വികലാംഗപെൻഷൻ | 2210400 | 12 |
| അവിവാഹിത പെൻഷൻ | 324000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2021 തീയതിയിൽ 3:15 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39,501/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.09.2021 | 05/21-08/21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2016-05.07.16 | 12/13-15/16 | 4.08.2016 |

## 1-10 ആഭ്യന്തരനിയന്ത്രണം

1. വൗച്ചറുകൾ ക്രമമായി നമ്പരിട്ടു സൂക്ഷിക്കുകയോ ബിൽ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്യിട്ടില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. രജിസ്റ്ററുകൾ പലതും കൃത്യമായി പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 രസീത് പരിശോധന - അപാകതകൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ രസീത് പരിശോധന, പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. രസീത് ബുക്ക് നം. 55973 ലെ രസീത് നം. 41, 42, 43, 44, 45, 46, 48, 49 എന്നിവ കാർബൺ ഉപയോഗിക്കാതെയാണ് എഴുതിയിട്ടുള്ളത്.
2. രസീത് പ്രകാരമുള്ള തുകയിലും ഡേ ബുക്ക് പ്രകാരം പഞ്ചായത്തിൽ വരവുള്ള തുകയിലും വ്യത്യാസം കാണുന്നു.

| തീയതി | രസീത് പ്രകാരമുള്ള കളക്ഷൻ തുക | ഡേ ബുക്ക് പ്രകാരം ഒടുക്കിയ തുക | വ്യത്യാസം (+/-) |
|---|---|---|---|
| 21.01.20 | 49584 | 48784 | -800 |
| 22.01.20 | 18713 | 18716 | +3 |
| 23.01.20 | 67837 | 68642 | +805 |
| 24.01.20 | 53981 | 53181 | -800 |
| ആകെ കുറവ് | | | -792 |

കുറവ് തുക അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 6/19.10.21) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കുറവ് വന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി -- അപാകതകൾ.

1- ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും ഹാജരാക്കിയില്ല-
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനവും ഒടുക്കേണ്ട നികുതിയും സംബന്ധിച്ച് നിശ്ചിത മാതൃകയിൽ തയ്യാറാക്കി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ അർദ്ധ വാർഷിക വരുമാന പത്രികയും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും ഓഡിറ്റിനു നൽകിയില്ല. തന്മൂലം ഒന്നാം അർദ്ധ വർഷം ടിയിനത്തിൽ ലഭിച്ച തുക എത്രയെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് തൊഴിൽ നികുതി ഒടുക്കിയതെന്നും വ്യക്തമല്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസായ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നത് ഗൗരവമായ കൃത്യവിലോപമാണ്. ഈ വിഷയത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
2- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2019-20സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (18/25.10.21) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

A) മുത്തൂറ്റ് ഫിൻകോർപ്പ് തൃച്ചാറ്റുകുളം

B) മുത്തൂറ്റ് ഫിൻകോർപ്പ് പൂച്ചാക്കൽ

C) സർവ്വീസ് സഹകരണ ബാങ്ക് - 901 പാണാവള്ളി

D) സർവ്വീസ് സഹകരണ ബാങ്ക് - 1249 പാണാവള്ളി

E) ഫെഡറൽ ബാങ്ക് തൃച്ചാറ്റുകുളം

F) ഗവ. സർവന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് പൂച്ചാക്കൽ

G) ജില്ലാ സഹകരണ ബാങ്ക് പൂച്ചാക്കൽ

H) അനുഗ്രഹ ബാങ്ക് തൃച്ചാറ്റുകുളം

I) റൂറൽ ഹൗസിംഗ് ബാങ്ക് പാണാവള്ളി

J) കേരള ഗ്രാമീൺ ബാങ്ക് പൂച്ചാക്കൽ

മേൽ പരാമർശിച്ചിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ 2019-20 വർഷം സ്ഥാപന നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. സ്ഥാപന നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2019-20 വർഷത്തെ വാടകയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടകയിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് , മേൽവിലാസം | ബിൽഡിങ്ങ് നം / റൂം നം. | വാടക കുടിശ്ശിക |
|---|---|---|---|
| 1, | സാബു.എ.എസ്, അഞ്ചു തുരുത്ത് | VIII / 551 | 1688×1= 1,688/- |
| 2 | ബേബി.എ.സി, അടയത്തുവെളി | VIII / 552 | 2388×2= 4,776/- |
| 3 | ശ്യാംകുമാർ, കരുണാലയം. | VIII / 553 | 4803×2 = 9,606/- |
| ആകെ | | | 16,070/- |

കടമുറികളുടെ വാടക കുടിശ്ശിക ഓഡിറ്റ് തീയതി വരെയും ലഭിച്ചിട്ടില്ല. ഇതേ വ്യക്തികൾക്ക് തന്നെ 2020-21 വർഷത്തേയ്ക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി: 16-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.
2020-21 വർഷത്തേയ്ക്ക് കടമുറികൾ വീണ്ടും വാടകയ്ക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-14 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡി & ഒ ലൈസൻസിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ആവശ്യമായ രേഖകൾ ഇല്ലാതെ ഡി & ഒ. ലൈസൻസ് നല്കുന്നു

ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപപത്രങ്ങൾ പല അപേക്ഷകളിലും കാണുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ സ്റ്റോറുകൾക്കാവശ്യമായ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സർട്ടിഫിക്കറ്റ്, ലാബുകൾക്കാവശ്യമായ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, ഭക്ഷണ സാധനങ്ങളുടെ പ്രോസസിംഗ് നടത്തുന്നതിനുള്ള ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി (Fssai) സർട്ടിഫിക്കറ്റ്, സോഡാ നിർമ്മാണത്തിനുള്ള വാട്ടർ അതോറിറ്റിയുടെ ജല പരിശോധന സർട്ടിഫിക്കറ്റ് മുതലായവ സമർപ്പിക്കാത്ത അപേക്ഷകർക്കും ഡി. & ഒ. ലൈസൻസ് നല്കിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ അപേക്ഷാ ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം | അപാകതകൾ |
|---|---|---|
| 20 | വിനോദ് , വാരിക്കാട്ട്<br>ഫർണിച്ചർ വർക്ക്ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല |
| 58 | ശ്രീകാന്ത്. എസ്.കെ.<br>പൊടിമില്ല് | - ടി - |
| 35 | ഷബനത്ത് കെ.<br>മെഡിക്കൽ സ്റ്റോർ | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സാക്ഷ്യപത്രമില്ല. |
| 96 | രാജു.പി.<br>ഗിരിജാ ഹോട്ടൽ | സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഫുഡ് സേഫ്റ്റി ലൈസൻസ് ഇല്ല. |
| 274 | മുഹമ്മദ് ആരിഫ്<br>ചപ്പാത്തി നിർമ്മാണ യൂണിറ്റ് | - ടി - |
| 207 | നിജീഷ് പി.ആർ<br>ചൈനീസ് പടക്കം സ്റ്റോക്ക് ചെയ്യലും വിൽപ്പനയും | ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് ഇല്ല |
| 171 | നവാസ് ഷാ<br>ക്യൂബ് ഐസ് നിർമ്മാണം | ജല പരിശോധനാ സാക്ഷ്യപത്രമില്ല. |
| 100 | റഹ്മത്തുള്ള.<br>ചെമ്മീൻ മീറ്റ് എടുക്കുന്നത് | സാനിട്ടറി, പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റുകൾ ഇല്ല. |

പൂച്ചാക്കൽ ടൗണിൽ പാലത്തിനു വടക്കുവശം മുതൽ ചേർത്തല അരൂക്കുറ്റി റോഡിന് ഇരുവശത്തുമായി ലോഡ്ജ്, ഹോസ്പിറ്റൽ, ക്ലിനിക്കുകൾ, ഫിനാൻസ് സ്ഥാപനങ്ങൾ തുടങ്ങിയവയും പഞ്ചായത്തിൽ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ഡി. & ഒ. ലൈസൻസ് നേടിയിട്ടുണ്ടോ എന്ന് ഡി & ഒ ലൈസൻസ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും

തൻവർഷം വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും വ്യക്തമല്ല. പഞ്ചായത്തിൽ നിരവധി ആധാരമെഴുത്ത് ലൈസൻസികളും പലർക്കും ഓഫീസുകളും ഉണ്ടെങ്കിലും കുറച്ച് പേർ മാത്രമാണ് പഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടുള്ളത്.

2. 2019-20 വർഷം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ 2019-20 സാമ്പത്തികവർഷത്തെ ആദ്യമാസങ്ങളിൽ 31.10.2017ലെ ജി.ഒ.(പി) നം.80/2017/തസ്വഭവ നം. സർക്കാർ ഉത്തരവ് പ്രകാരം 500/- രൂപ ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീയായി ഈടാക്കിയിട്ടുണ്ട്. എന്നാൽ പിന്നീടുള്ള മാസങ്ങളിൽ മിക്ക അപേക്ഷകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു. ഉദാ :-

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | അപേക്ഷകൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|
| 85 | സോണി.റ്റി.എ | 300 | 200 |
| 91 | ഷൈലജ ശശീന്ദ്രൻ | 300 | 200 |
| 97 | ചന്ദ്രബാബു | 300 | 200 |

വ്യാപാരി വ്യവസായി ഏകോപന സമിതി പഞ്ചായത്തിൽ ധർണ്ണ നടത്തിയതിനെത്തുടർന്നും അവരുടെ പ്രതിഷേധത്തെത്തുടർന്നും മുൻവർഷത്തെ നികുതി മാത്രം ഈടാക്കിയാൽ മതിയെന്ന് സെക്രട്ടറി വാക്കാൽ നിർദ്ദേശം നല്കിയതാണെന്നാണ് ഇതു സംബന്ധിച്ച് ഡി. & ഒ. സെക്ഷൻ ക്ലർക്ക് നല്കിയ വിശദീകരണം.

തുടർന്ന് പഞ്ചായത്ത് കമ്മിറ്റി ഇതു സംബന്ധിച്ച് 2021-22 സാമ്പത്തികവർഷം 23.7.2021 ൽ മാത്രമാണ് 4/1 നം. തീരുമാനം എടുത്ത് 500 രൂപയിൽ കുറഞ്ഞ തുകകളും ഉൾപ്പെടെ വിവിധ സ്ലാബുകളായി ഡി. & ഒ. ലൈസൻസ് ഫീസ് നിശ്ചയിച്ചത്. ഈ തീരുമാനം സർക്കാരിന്റെ മേൽ ഉത്തരവിനനുസൃതവുമല്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/24.10.21) മറുപടി ലഭ്യമാക്കിയില്ല.

3. സുരക്ഷിതത്വമില്ലാത്ത ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി ഫുഡ് പ്രൊഡക്ട് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ശേഖരിച്ച സാമ്പിൾ (നം. 20730/20.8.19) സുരക്ഷിതമല്ല എന്ന് ഫുഡ് സേഫ്റ്റി ഓഫീസർ, മണലൂർ സർക്കിളിന്റെ 02.3.2020 ലെ 18/20/FSO/MNLRനം. കത്തു മുഖേന പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ FSS Act 2006 മുഖേനയുള്ള നടപടികൾ സെക്രട്ടറി കൈക്കൊള്ളണമെന്ന് ഫുഡ് സേഫ്റ്റി ഓഫീസർ കത്തിൽ അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനം 01.03.2017ൽ നം.2441 പ്രകാരം 2017-18മുതൽ 2021-22വരെ വർഷത്തേക്കാണ് ലൈസൻസ് എടുത്തിരിക്കുന്നത്. പഞ്ചായത്ത് ടി കത്തിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയത് ഗുരുതരമായ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/24.10.21) മറുപടി ലഭ്യമാക്കിയില്ല.

4. ഡി & ഒ. ലൈസൻസിനായുള്ള വളരെയേറെ അപേക്ഷകൾ കുടിശ്ശികയായി കെട്ടിവച്ചിരിക്കുന്നു.

ഡി. & ഒ. ലൈസൻസിനുള്ള 50ലേറെ അപേക്ഷകൾ പെൻഡിംഗ് ഫയലായി അട്ടക്കി വച്ചിരിക്കുന്നു. പല അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷകളിൽ കൂടുതലും മുൻ വർഷം ലൈസൻസ് ഈടാക്കാത്തതിനാൽ ഫൈൻ അടയ്ക്കുവാനും ഈ വർഷത്തെ ഫീസുകൾ അടയ്ക്കുന്നമുറയ്ക്ക് അനുവദിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ഫീസ് അടവാക്കിയോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി അറിയുവാൻ കഴിഞ്ഞു. രജിസ്റ്ററിൽ ടി സ്ഥാപനങ്ങൾ കണ്ടെത്താൻ സാധിക്കുന്നുമില്ല. പെൻഡിംഗ് ലിസ്റ്റിൽ ഉൾപ്പെടുന്ന പല സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിക്കുന്നതായി അറിയുവാൻ കഴിഞ്ഞു. ഉദാ :-

| | |
|---|---|
| നീതി മെഡിക്കൽ സ്റ്റോർ | പി.എച്ച്.സി.യിലേക്ക് തൻ വർഷം മരുന്ന് വാങ്ങിയിട്ടുണ്ട് |
| ന്യൂ ഇന്ത്യ കെമിക്കൽ ഫർമ്മസ് | ലിസിയം ജംഗ്ഷനിൽ പ്രവർത്തിക്കുന്നു. |

| | |
|---|---|
| | |
| ഡാസ്‌ലിംഗ് ഡാർലിംഗ് | - ടി - |
| പ്രധാനമന്ത്രി ജൻ ഔഷധി മെഡിക്കൽസ്റ്റോർ | - ടി - |
| ബിസ്മി സ്റ്റോഴ്സ് | പൂച്ചാക്കൽ പഴയപാലത്തിനു സമീപം പ്രവർത്തിക്കുന്നു. പലചരക്ക് ഹോൾസെയിൽ&റീട്ടെയിൽ ഷോപ്പ് നടത്തുന്നു. |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/24.10.21) മറുപടി ലഭ്യമാക്കിയില്ല. ഡി & ഒ ലൈസൻസിനായുള്ള അപേക്ഷകൾ യഥാസമയം തീർപ്പാക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

5. ആവശ്യമായ രേഖകൾ സമർപ്പിച്ച് ലൈസൻസ് നേടാതെ സ്ഥാപനം പ്രവർത്തിക്കുന്നു.

പൂന്നാത്തറ ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിന്റെ ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷ പ്രകാരം വിവിധ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ 30.10.2019 ൽ സെക്രട്ടറി കത്ത് നല്കിയതിന് ബഹു. കേരള ഹൈക്കോടതിയുടെ ഇതു സംബന്ധിച്ച ഒരു വിധിപ്പകർപ്പ് ഹാജരാക്കി ഡി & ഒ. ലൈസൻസ് നല്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ടി ഉത്തരവ് പഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതിനാൽ ആവശ്യമായ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് 16.11.2019 ൽ സെക്രട്ടറി വീണ്ടും മേൽ സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ട്. മേൽ ഹൈക്കോടതി ഉത്തരവിൽ രണ്ട് മാസത്തേക്ക് താൽക്കാലികമായി ഡി & ഒ. ലൈസൻസ് നല്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പിന്നീട് മറ്റ് ഉത്തരവുകളൊന്നും ഫയലിൽ ഹാജരാക്കിയിട്ടില്ല. ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ നേടിയാണോ മേൽ സ്ഥാപനം പ്രവർത്തിച്ചതെന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/24.10.21) നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ഇതു സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -- രേഖകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നം. 08/20.08.21) ഹാജരാക്കിയില്ല. ഇപ്രകാരം ട്രാൻസ്ഫർ ചെയ്ത ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് എത്രയുംവേഗം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പി.എച്ച്.സി കെട്ടിട നിർമ്മാണത്തിന് അധിക വിഹിതം -- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പാണാവള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന വികസന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് 18.6.2019ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതിനെ തുടർന്ന് പി.എച്ച്.സി കെട്ടിട നിർമ്മാണത്തിന് അധിക വിഹിതമെന്ന പേരിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 400000 രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് വിഹിതമായ 400000 രൂപ (ചെക്ക് നം 137974/27.3.2020) പിൻവലിച്ച് എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം വിനിയോഗിച്ചുകൊണ്ട് എന്തുതരം പ്രവൃത്തിയാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്റ്റ് പ്രകാരമുള്ള 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം -- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണത്തിനായി 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ആവിഷ്കരിച്ച് നടപ്പിലാക്കിയ മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം എന്ന പ്രോജക്റ്റിന്റെ അടങ്കൽ 20,00,000 രൂപയാണ്. കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നാണ് ഇതിനായി തുക വകയിരുത്തിയത്. ടി പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം താഴെപറയുന്ന അഞ്ച് ഘട്ടങ്ങളിലായി മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ്

വിഭാവനം ചെയ്തിരിക്കുന്നത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | മെറ്റീരിയൽ കളക്ഷൻ സെന്റർ കെട്ടിട നിർമ്മാണം (Appendix A) | 10,43,734 |
| 2 | ചുറ്റുമതിൽ നിർമ്മാണം (Appendix B) | 4,75,452 |
| 3 | സർവ്വീസ് റോഡ് നിർമ്മാണം (Appendix C) | 64,148 |
| 4 | ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കൽ (Appendix D) | 3,75,000 |
| 5 | മെറ്റീരിയൽ കളക്ഷൻ സെന്റർ ഇലക്ട്രിഫിക്കേഷൻ (Appendix E) | 41,666 |
| | ആകെ അടങ്കൽ തുക | 20,00,000 |

2018-19 വർഷം കെട്ടിട നിർമ്മാണത്തിന്റെ ആദ്യഭാഗം പൂർത്തിയാക്കി ഒന്നാം പാർട്ട് ബിൽ നൽകുന്നതിനായി 4,05,946 രൂപയും മെറ്റീരിയിൽ കളക്ഷൻ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള ബെയ് ലിങ് മെഷീൻ വാങ്ങുന്നതിനായി 3,75,000 രൂപയും ഉൾപ്പെടെ 7,80,946 രൂപയാണ് ചെലവഴിച്ചിരുന്നത്. 2019-20 വർഷം സ്പിൽ ഓവറായി ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം 6,04,953 രൂപ (ചെക്ക് നം 621236/30.7.2019) ചെലവഴിച്ച് കെട്ടിട നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിലേയക്ക് ടി പ്രോജക്ടിന് സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ മറ്റ് പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. ടി പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1- കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് മുമ്പ് മെഷീൻ വാങ്ങുന്നതിനായി തുക ചെലവഴിച്ചു.

മെറ്റീരിയിൽ കളക്ഷൻ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള ബെയ് ലിങ് മെഷീൻ വാങ്ങുന്നതിനായി ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥനത്തിൽ പ്രോജക്ടിൽ വകയിരുത്തിയിരുന്ന 3,75,000 രൂപ പിൻവലിച്ച് 30.3.2019ൽ ക്ലീൻ കേരളയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് (നം 215/2018-19/ 21.3.2019) പ്രകാരം മെഷീന്റെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും ഒരു വർഷത്തെ പരിപാലന ചെലവും ഉൾപ്പെടെ 529,171 രൂപയാണ് കമ്പനി ആവശ്യപ്പെട്ടിരുന്നത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഇലക്ട്രിഫിക്കേഷൻ നടത്താതെ മെഷീൻ സ്ഥാപിക്കുവാൻ കഴിയില്ലെന്നിരിക്കെ ബെയ് ലിംങ് മെഷീൻ സ്ഥാപിച്ചു നൽകുന്നതിനായി ക്ലീൻ കേരളയ്ക്ക് മുൻകൂർ തുക കൈമാറിയത് ക്രമവിരുദ്ധമാണ്. മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 24.1.2020ൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനോ തുടർ പ്രവൃത്തനങ്ങൾ നടത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മെഷീൻ സ്ഥാപിക്കുവാൻ തുക വിനിയോഗിച്ചതുമൂലം രണ്ട് വർഷമായി പഞ്ചായത്ത് ഫണ്ട് ക്ലീൻ കേരള കമ്പിനിയിൽ നിഷ്ക്രിയമായി കിടക്കുകയാണ്.

2-ചുറ്റുമതിലും സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിക്കുന്ന മെറ്റീരിയൽ കളക്ഷൻ സെന്റർ ചുറ്റുമതിൽ കെട്ടി സംരംക്ഷിക്കുന്നതിനും

സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനും 2018-19 വർഷം തന്നെ പ്രോജക്ടിൽ തുക വകയിരുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നതാണ്. എന്നാൽ ചുറ്റുമതിലും സർവ്വീസ് റോഡ് നിർമ്മാണവും ആരംഭിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. സ്ഥലത്തിന്റെ അതിരുകൾ അളന്ന് തിരിച്ച് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ നിരവധി തവണ പഞ്ചായത്തിന് കത്ത് നൽകുകയുണ്ടായി. പഞ്ചായത്തിൽ നിന്നും തുടർനടപടികൾ ഉണ്ടാകാതിരുന്നതിനാൽ ചുറ്റുമതിലും സർവ്വീസ് റോഡ് നിർമ്മാണവും ഒഴിവാക്കി മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. പഞ്ചായത്തിന്റെ ആസ്തികൾ കയ്യേറ്റത്തിൽ നിന്നും സംരംക്ഷിക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ സെന്റർ ഉപയോഗക്ഷമമാക്കുന്നതിനായി ചുറ്റുമതിൽ, സർവ്വീസ് റോഡ് നിർമ്മാണം എന്നിവ നിർമ്മിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്. പ്രോജക്ട് ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തിനാൽ തൻവർഷം ഇതിനായി ചെലവഴിച്ച 6,04,953 രൂപ തടസ്സപ്പെടുത്തുന്നു. മെറ്റീരിയൽ കളക്ഷൻ സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/22.10.21ന് മറുപടി ലഭ്യമാക്കിയില്ല.

## 1-18 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം . 14) – മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

അടങ്കൽ - 200000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 200000/- (വൗച്ചർ നം.219001178/10.3.20)

ഈ പ്രോജക്ട് പ്രകാരം 16.3.2020 ൽ 175000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിരുന്നു. മരുന്നുകൾ ലഭ്യമായോ എന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/22.10.21) 25.10.21 ൽ നല്കിയ മറുപടിയിൽ നാളിതുവരെ 135422/- രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി. ശേഷിക്കുന്ന 39578/- രൂപയുടെ മരുന്നുകൾ എത്രയുംവേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 39578/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കാതെ തന്നെ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. ട്രഷറി ബില്ലിനോടൊപ്പം സമർപ്പിക്കുന്ന ഇൻവോയ്സിൽ കാണിച്ചിട്ടുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ ബില്ല് പാസ്സാക്കി നൽകുകയുള്ളുവെന്നും ആയതിനാലാണ് മരുന്ന് ലഭിച്ചതായി സ്റ്റോക്ക് എൻട്രി വരുത്തുന്നതെന്നുമാണ് വാക്കാൽ അറിയിച്ചത്. മരുന്നുകൾ ലഭ്യമാകാതെ സ്റ്റോക്കിൽ ചേർത്തുവരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2. ക്യാൻസർ നിർണ്ണയ ക്യാമ്പ് (പ്രോജക്ട് നം . 208) ക്യാമ്പിലെ പൊതുജന പങ്കാളിത്തം വ്യക്തമല്ല.

അടങ്കൽ - 100000/- (തനത് ഫണ്ട്)

ചെലവ് - 90158/-

ബിൽ നം. 10/29.1.20 –രൂ. 19150/-

ബിൽ നം. 15/14.2.20 – രൂ. 15350/-

ബിൽ നം. 18/4.3.20 - രൂ.55658/-

പല ദിവസങ്ങളിലായി നടത്തിയ ഈ ക്യാമ്പിൽ ഓരോ ദിവസവും എത്രപേർ പങ്കെടുത്തു, എത്ര പേർക്ക് രോഗനിർണ്ണയം നടത്തി, എത്ര പേർക്ക് രോഗം സ്ഥിരീകരിച്ചു തുടങ്ങിയ വിവരങ്ങൾ ഒന്നുംതന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.11/22.10.21) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 90158/- രൂപ തടസ്സപ്പെടുത്തുന്നു.

3. പി.എച്ച്.സി.യിലെ ആയയ്ക്ക് വേതനം നല്കൽ (പ്രോജക്ട് നം . 210) – രേഖകൾ ലഭ്യമാക്കിയില്ല.

അടങ്കൽ - 50000/- (തനത് ഫണ്ട് )

ചെലവ് - 29500/- (വൗച്ചർ നം.21900957/15.2.20 – 6500/-

വൗച്ചർ നം.21900803/6.2.20 - 10000/-

ടി പ്രോജക്ട് പ്രകാരം ആകെ 29500/-രൂപ ചെലവഴിച്ചിരിക്കുന്നതിൽ രണ്ട് ബില്ലുകളായി 16500/- (6500 + 10000) രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ബാക്കി 13000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.11/22.10.21) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 13000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 വാഹനപരിപാലനത്തിന്റെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എൽ 32 എൽ 2394 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ആയതിൽ ആവശ്യമായ രേഖപ്പെടുത്തലുകളുടെ അഭാവം കാണുന്നു. പല ദിവസങ്ങളിലെയും ഇന്ധനമടിക്കുന്നതു സംബന്ധമായ രേഖപ്പെടുത്തലുകൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. ഇന്ധന ഉപഭോഗം സംബന്ധമായ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. കൂടാതെ ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നില്ല. 6മാസത്തിലൊരിക്കൽ നടത്തേണ്ട ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തിയതു സംബന്ധമായ രേഖകൾ ലോഗ്ബുക്കിൽ ചേർത്തിട്ടില്ല. ഇവയെല്ലാം വാഹനപരിപാലനം സംബന്ധിച്ച സ.ഉ (എം എസ്) നം. 170/07 /തസ്വഭവ, തീയതി 30.06.2007 പ്രകാരമുള്ള പൊതു മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിരുദ്ധമാണ്. ഇക്കാര്യത്തിൽ ആവശ്യമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം.19/25.10.2021) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ആർദ്രം പദ്ധതി (പ്രോജക്ട് നം. 127) - രേഖകൾ ലഭ്യമാക്കിയിട്ടില്ല

അടങ്കൽ - 10,00,000 (തനത് ഫണ്ട് – 500000/- ജില്ലാ പഞ്ചായത്ത് വിഹിതം - 500000/-)

ആകെ - 1000000/-

ചെലവ് - 447814/- (തനത് ഫണ്ട് ) - വൗച്ചർ നം.21900804/6.2.20

പി.എച്ച്.സി. നവീകരണ പ്രവർത്തനങ്ങൾക്കായി 447814/- രൂപ ചെലവഴിച്ചിട്ടുണ്ട്. 31.12.2019 ലെ ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യകേരളം, ആലപ്പുഴയുടെ മെഡിക്കൽ ഓഫീസർക്കുള്ള കത്തിനൊപ്പം നിർവ്വഹണ ഏജൻസിയായ KEL സമർപ്പിച്ച 447814/- രൂപയുടെ രണ്ടാം പാർട്ട് ബിൽ അയയ്ക്കുന്നതായി പറയുന്നുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങളോ KEL സമർപ്പിച്ച ബിൽ പകർപ്പോ ഫയലിൽ ചേർത്തിട്ടില്ല. മേൽ തുക എന്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുടങ്ങി യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.11/22.10.21) നല്കിയതിന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ (നം.1007/25.10.21) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തിയുടെ വിനിയോഗ സാക്ഷ്യപത്രവും സ്റ്റോക്കിലെടുത്ത വിവരവും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 447814/-തടസ്സപ്പെടുത്തുന്നു.

## 1-21 കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2019-20 വർഷം, കന്നുകുട്ടി പരിപാലന പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം / പേര് | കന്നുകുട്ടി പരിപാലന പദ്ധതി<br>10/2019-20 |
| അടങ്കൽ. | 6,25,000/– *(വികസനഫണ്ട്)*<br>6,25,000/ –(മറ്റുള്ളവ) |
| ചെലവ് | ബിൽ നം. 02/2019-20/ 29.08. 2019 – 6,25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

രണ്ടാം ഘട്ടം

| | |
|---|---|
| പ്രോജക്ട് നം./പേര് | കന്നുകുട്ടി പരിപാലന പദ്ധതി രണ്ടാം ഘട്ടം<br>219/2019-20 |
| അടങ്കൽ.. | 3,12,000/– *(വികസനഫണ്ട്)* |

| | |
|---|---|
| | 3,12,000/-(മറ്റുള്ളവ) |
| ചെലവ് | ബിൽ നം. 09/2019-20/31.03.2020 - 1,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

ആദ്യഘട്ട കന്നുകട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന്റെ ഒരു കന്നുകട്ടിയുടെ സബ്സിഡിയായി 6,250/- രൂപ വീതം ആകെ 100 ഗുണഭോക്താക്കളുടെ കന്നുകട്ടി പരിപാലനത്തിനായി 6,25,000/- രൂപയും, കന്നുകട്ടി പരിപാലന പദ്ധതി (രണ്ടാം ഘട്ടം) പ്രകാരം സബ്സിഡിയായി 12,500/- രൂപ വീതം ആകെ 12 ഗുണഭോക്താകൾക്കായി 1,50,000/- രൂപയും, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരമുള്ള കാലിത്തീറ്റ വിതരണം പൂർത്തിയായതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (നം. 02/തീയതി 9-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക 7,75,000/- തടസ്സപ്പെടുത്തുന്നു.

## 1-22 വീട് വാസയോഗ്യമാക്കൽ പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും നിർമ്മാണം നടത്തിയില്ല.

പ്രോജക്ട് നമ്പർ : എസ്സ് 103/20

പ്രോജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ (എസ്സ് സി)

അടങ്കൽ : 5400000/-

ചെലവ് : 4600000/-

മേൽ പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾ 50000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | രമ്യമോൾ, പുനമ്പാടത്ത്നികർത്ത് | 8 | 16/19-20 /07.11.2019 | 50000 |
| 2 | ലീല, കരീത്തറ | 11 | 24/19-20 /12.12.2019 | 50000 |
| 3 | ബാബു, തോട്ടുചിറ | 14 | 21/19-20 /11.12.2019 | 50000 |
| 4 | രാജപ്പൻ, കിരിക്കണ്ടത്തിൽ | 6 | 27/19-20 /17.12.2019 | 50000 |

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.09/21.10.2021) സാമ്പത്തികവും ആരോഗ്യപരവുമായ കാരണങ്ങളാലാണ് ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാഞ്ഞതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ല. അഡ്വാൻസ് കൈപ്പറ്റി 3 വർഷമായിട്ടും നിർമ്മാണം നടത്താത്ത ഗുണഭോക്താക്കൾ അടിയന്തിരമായി പണി പൂർത്തീകരിച്ചില്ലെങ്കിൽ അവരിൽ നിന്നും മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ -- നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനായി വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ള പ്രവൃത്തികളിൽ മുദ്രപത്രം വാങ്ങുന്നതിന് മുമ്പേയുള്ള തിയതിയിൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതായി കാണുന്നു. ഉദാഹരണത്തിന് അംഗനവാടി നിർമ്മാണം (പ്രോ.നം 166/20) എന്ന പ്രവൃത്തിയ്ക്ക് പൂർത്തീകരണ കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരൻ മുദ്രപത്രം വാങ്ങിയിരിക്കുന്നത് 29.11.2019 ആണ്. എന്നാൽ ഇതേ മുദ്രപത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെട്ടിരിക്കുന്നതാകട്ടെ 09.02.2019ലും (എഗ്രിമെന്റ് നം 15/AE/LSGD/PNLY?2018-19 /9.2.2019). ഇത്തരം അപ്രായോഗികവും നിയമസാധുതയുമില്ലാത്ത നടപടികൾ ഒഴിവാക്കേണ്ടതാണ്.

2- സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ്

നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മോണിട്ടറിംഗ് റിപ്പോർട്ടിൽ അംഗങ്ങൾ ഒപ്പുവെച്ചിട്ടുണ്ടെന്നല്ലാതെ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3.പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ പലതിലും ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

5. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

6. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി വെച്ചിട്ടുള്ള കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലപരിധി രേഖപ്പെടുത്തുന്നില്ല.

7. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ പല ആസ്തികളുടെയും നിർമ്മാണ വർഷം, നിർമ്മാണ ചെലവ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകതൾ ഒഴിവാക്കുന്നതിന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നല്കിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 42500 | സംയോജിതകൃഷി | 42500 | |
| | | 160000 | സാന്ത്വന പരിചരണം | 160000 | |
| | | 37970 | ലൈഫ് | 37970 | |
| | | 853130 | ലൈഫ് | 853130 | |
| | | 1050370 | ലൈഫ് ജനറൽ | 1056370 | |
| | | 450000 | സ്കോളർഷിപ്പ് | 450000 | |
| | | 600000 | പാലിന് സബ്സിഡി | 600000 | |
| ജില്ലാ പഞ്ചായത്ത് | 19-20 | 2000000 | ലൈഫ് | 2000000 | |
| | 18-19 | 300000 | ലൈഫ് എസ് സി | 300000 | |
| | 19-20 | 300000 | ലൈഫ് | 300000 | |
| | | | അംഗനവാടി | 100000 | |
| | | 450000 | സ്കോളർഷിപ്പ് | 450000 | |
| | | 18-19 | കെട്ടിടനിർമ്മാണം | 580000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പ്രോജക്ട് നം 104/20 അംഗനവാടി കടിവെള്ള കണക്ഷന് | | 115000 | 0 | 115000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9940000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വര്ഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | 9940000 | 39956573 | 3398926 | | 46497647 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 98601812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 96209226 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 23,70,503 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,00,000 | ഡോ.അരുൺമിത്ര<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-17 | 604953 | നിഷ എം.ബി, അസി.എഞ്ചിനീയർ |
| 1-18(1) | 39,578 | ഡോ.അരുൺമിത്ര<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-18(2) | 90,158 | -ടി- |
| 1-18(3) | 13,000 | -ടി- |
| 1-20 | 4,47,814 | -ടി- |
| 1-21 | 7,75,000 | ഡോ.മനുജയൻ.ഒ.എം. വെറ്ററിനറി സർജൻ |
| | | |
| ആകെ | 23,70,503 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അരുൺമിത്ര മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>പാണാവള്ളി ഗ്രാമപഞ്ചായത്ത് | വേലുത്തറ ഹൗസ്,<br>അരൂക്കുറ്റിപി.ഒ., ചേർത്തല |
| ഡോ.മനുജയൻ.ഒ.എം.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>പാണാവള്ളി ഗ്രാമപഞ്ചായത്ത് | ഓണാട്ടു ഹൌസ്<br>വൈക്കം, കോട്ടയം |

| | | |
|---|---|---|
| നിഷ എം.ബി,<br>അസി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ബ്ലോക്ക് | വാത്തിക്കാട്ട് ഹൗസ്,<br>പെരുമ്പളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11, തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11, തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13, തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15, തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16, തീയതി.28.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017, തീയതി.12.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി9-1116/2017, തീയതി.22.08.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-173/19 തീയതി, 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി7-201/2020 തീയതി, 11.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്